"ഭരണഭാഷ - മാതൃഭാഷ"

നമ്പർ. ബി2/ഇ-48258/റ്റിസി/2017

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയതി: 15.03.2019

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

1) എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
2) എല്ലാ ചെക്ക് പോസ്റ്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർക്കും.
3) എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും(നിരീക്ഷണം നടത്തുന്നതിനു വേണ്ടി)

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – WP(C) No. 41612/2017 – ഹൈക്കോടതി ഉത്തരവിനോടനുബന്ധിച്ച് നിർദ്ദേശം നൽകുന്നത് – സംബന്ധിച്ച്.

സൂചന :- കത്ത് നമ്പർ ബി2/ഇ-48258/റ്റിസി/2017 തീയതി 28.12.2017, 29.12.2017, 17.01.2018, 26.02.2018.

സൂചനകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം ഈ ഓഫീസിൽ നിന്നും നികുതി കുടിശ്ശിക സംബന്ധമായ വിശദാംശങ്ങൾ അറിയിക്കുന്നതിനായി കത്തുകൾ അയച്ചിരുന്നു. 01.04.2014 മുതൽ 18.07.2016 വരെ സംസ്ഥാനത്തിനകത്ത് സർവ്വീസ് നടത്തിയ അന്തർസംസ്ഥാന കോൺട്രാക്ട് കാര്യേജുകളിൽ നിന്ന് പിരിച്ചെടുത്ത നികുതി കുടിശ്ശികയുടെ വിശദാംശങ്ങൾ നിശ്ചിത പ്രൊഫോർമയിൽ തയ്യാറാക്കി എല്ലാ മാസവും 1 -ാം തീയതി ഈ ഓഫീസിൽ ലഭ്യമാക്കുവാൻ നിർദ്ദേശം നൽകിയിരുന്നെങ്കിലും കൃത്യമായി നിർദ്ദേശം പാലിക്കപ്പെടുന്നില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ, എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും തങ്ങളുടെ അധികാരപരിധിയിലുള്ള ചെക്ക് പോസ്റ്റുകളിൽ കുടിശ്ശിക നികുതി പിരിച്ചെടുക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ നിശ്ചിത പ്രൊഫോർമയിൽ(പ്രൊഫോർമ ഉള്ളടക്കം ചെയ്യുന്നു) തയ്യാറാക്കി ആയത് മറ്റുള്ള ചെക്ക് പോസ്റ്റുകളിലേയ്ക്കു കൂടി അയച്ചുകൊടുക്കേണ്ടതും നികുതി കുടിശ്ശിക അടയ്ക്കാത്ത ഒരു വാഹനവും കേരളത്തിലെ ഒരു ചെക്ക് പോസ്റ്റുകളിൽ കൂടിയും കടന്ന് സർവ്വീസ് നടത്തുവാൻ അനുവദിക്കരുതെന്നും ആയതിനു വേണ്ട നിർദ്ദേശങ്ങൾ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും അതാത് ചെക്ക് പോസ്റ്റുകളിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം

നൽകണമെന്നും പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതോടൊപ്പം തന്നെ കൃത്യമായി വിശദാംശങ്ങൾ ഏപ്രിൽ 1 മുതൽ എല്ലാ മാസവും 1 -)o തീയതി നിശ്ചിത പ്രൊഫോർമയിൽ ഈ ഓഫീസിലേയ്ക്ക് അയച്ചുതരണമെന്നും ഇതിനാൽ നിർദ്ദേശിക്കുന്നു.

റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ നിർദ്ദേശങ്ങൾ എല്ലാ ചെക്ക് പോസ്റ്റുകളിലെയും ഉദ്യോഗസ്ഥർ കർശനമായി പാലിക്കേണ്ടതാണെന്നും നികുതി പിരിവ് പ്രവർത്തനങ്ങളിൽ വീഴ്ച്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്ന വിവരവും അറിയിക്കുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്/-)
ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
(എൻഫോഴ്സ്മെന്റ്)
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി

അംഗീകാരത്തോടെ,

Lekha
16/3/19

ജൂനിയർ സൂപ്രണ്ട്

16/3/19.

ഐ.എൽ.

മോട്ടോർവാഹന വകുപ്പ്, കേരള

# PROFORMA

| Name of Check Post : | | | | | |
|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) |
| **Sl. No.** | **Vehicle No.** | **Total Arrear due from the vehicle** | **Amount realized so far** | **Balance Amount** | **Whether demand notice issued / Action taken** |
| | | | | | |
| | | | | | |

(sd/-)
Joint Transport Commissioner
(Enforcement)
For Transport Commissioner

Approved for Issue,

Junior Superintendent

ഐ.എൽ.

മോട്ടോർവാഹന വകുപ്പ്, കേരളം